"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഡബ്ല്യൂ സി ഡി ഡി- ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ ഫയൽ ചെയ്ത WP(C)No. 18498/2024-ന്മേലുള്ള 08/10/2024, 12/12/2024 തീയതികളിലെ ഇടക്കാല ഉത്തരവുകൾ പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.12/2025/WCDD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ, കളപ്പുരക്കുന്നേൽ, പുളിക്കമാലി, മുളന്തുരുത്തി, എറണാകുളം-682314-ന്റെ ഹർജി, തീയതി. 07/03/2024 (Ext P5)
2. WP(C)No. 18498/2024-ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 08/10/2024, 12/12/2024 തീയതികളിലെ ഇടക്കാല ഉത്തരവുകൾ
3. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/5444/2024-ICDSB4, തീയതി. 06/01/2025

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഐ സി ഡി എസ് പ്രൊജക്ടിലുൾപ്പെട്ട മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ അങ്കണവാടി വർക്കർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ **02/02/2024** മുതൽ **05/02/2024** വരെ നടക്കുകയും അതിനേത്തുടർന്ന് **24/02/2024**-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യുകയുണ്ടായി. എന്നാൽ, പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുത്ത് നിയമനം ലഭിക്കാതിരുന്ന ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ, കളപ്പുരക്കുന്നേൽ, പുളിക്കമാലി, മുളന്തുരുത്തി, എറണാകുളം-**682314** എന്ന വ്യക്തി പ്രസ്തുത റാങ്ക് ലിസ്റ്റിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുകയുണ്ടായെന്നും ഒന്ന് മുതൽ മൂന്ന് വരെ റാങ്ക് ലഭിച്ചവർ യഥാക്രമം പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എന്നിവരുടെ ബന്ധുക്കളും നാലാമത്തെയാൾ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ സ്ഥാപനത്തിൽ ജോലി ചെയ്യുന്നയാളുമാണെന്നും ഇക്കാര്യം

ശിശുവികസന പദ്ധതി ഓഫീസറെ അറിയിച്ചപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ലിസ്റ്റ് പ്രകാരമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതെന്നും പ്രസിഡന്റിനോട് ഇക്കാര്യം ചോദിച്ചപ്പോൾ എല്ലാം ശിശുവികസന പദ്ധതി ഓഫീസർ ആണ് ചെയ്തതെന്നും ഇരുവരും അറിയിച്ചുവെന്നും മൂന്നാം റാങ്കിൽ വന്ന വ്യക്തി, താനായിരിക്കും ഒന്നാം റാങ്കുകാരി എന്ന് ഇന്റർവ്യൂ കഴിഞ്ഞ ദിവസം തന്നെ പരസ്യമായി പറയുകയുണ്ടായെന്നും വർഷങ്ങളോളം അങ്കണവാടിയിൽ പ്രവർത്തിച്ചു പരിചയമുള്ളയാളെ പിൻതള്ളിയാണ് യാതൊരു പ്രവൃത്തി പരിചയമില്ലാത്തവർ മുന്നിലെത്തിയതെന്നും ഇന്റർവ്യൂ ബോർഡിലേക്ക് സാമൂഹ്യ പ്രവർത്തകരെ തീരുമാനിക്കുന്നത് സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവ് പ്രകാരമായിരിക്കണം എന്നിരിക്കെ പഞ്ചായത്ത് തന്നെ ഏതൊക്കെ സാമൂഹ്യപ്രവർത്തകർ ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരിക്കണമെന്ന് തീരുമാനിക്കുകയായിരുന്നുവെന്നും ആരോപിച്ചുകൊണ്ടും മേൽപറഞ്ഞ സാഹചര്യമെല്ലാം കണക്കിലെടുത്തു കൊണ്ട്, ഇത്തരത്തിൽ ക്രമക്കേടുകൾ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വീണ്ടും സത്യസന്ധമായ രീതിയിൽ അങ്കണവാടി പ്രവർത്തകരെ തിരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കണമെന്നും ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചും കൊണ്ടും വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുമ്പാകെ പരാമർശം (1) പ്രകാരം ഹർജി (Ext P5) സമർപ്പിക്കുകയുണ്ടായി. ഇതേ ആവശ്യങ്ങളുമായി ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും WP(C)No. 18498/2024 ഫയൽ ചെയ്യുകയും ചെയ്തു.

2. റിട്ട് ഹർജി പരിഗണിച്ച ബഹു. ഹൈക്കോടതി, suo motto ആയി സെക്രട്ടറി, വനിതാശിശുവികസന വകുപ്പിനെ 10-ാം അഡീഷണൽ എതിർകക്ഷിയായി ഉൾപ്പെടുത്തുകയും രണ്ടാം എതിർകക്ഷിയായ വനിതാശിശുവികസന വകുപ്പ് ഡയറക്ടറോട് പരാമർശം (1) പ്രകാരമുള്ള ഹർജിയും (Ext P5) റിട്ട് ഹർജിയും സർക്കാരിന് ലഭ്യമാക്കുവാനും സർക്കാരിനോട് പ്രസ്തുത ഹർജി (Ext P5) പരിഗണിച്ച് ഹർജിക്കാരിയെയും 5 മുതൽ 9 വരെയുള്ള എതിർകക്ഷികളെയും നേരിൽ കേട്ട് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ

നിർദേശിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3. ബഹു. ഹൈക്കോടതിയുടെ നിർദേശ പ്രകാരം 06/01/2025-ന് വനിതാശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കാരിയെയും 5 മുതൽ 9 വരെയുള്ള എതൃകക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പരാതികളല്ലാതെ കൂടുതലായി ഒന്നും തനിക്ക് പറയാനില്ല എന്ന് നേരിൽ കേൾക്കവെ ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ ബോധിപ്പിച്ചു. അങ്കണവാടി വർക്കർ നിയമനത്തിനായി വന്ന അപേക്ഷകരെല്ലാം തനിക്ക് ഒരു പോലെയാണെന്നും ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന അദ്ധ്യാപകരുടെ കയ്യിൽ നിന്ന് താൻ മാർക്ക് ഷീറ്റ് വാങ്ങിയിട്ടില്ലായെന്നും അദ്ധ്യാപകർ എല്ലാം തന്നെ ആയത് സി ഡി പി ഒ ക്ക് നേരിട്ട് നൽകുകയാണ് ഉണ്ടായതെന്നും താൻ ആരുടേയും മാർക്ക് ഷീറ്റ് തിരുത്തിയിട്ടില്ലായെന്നും സേവന തല്പരത, കായിക ശേഷി, പദ്യപാരായണം, കവിത ചൊല്ലൽ, കഥ പറച്ചിൽ, ആംഗ്യപ്പാട്ട്, ഡാൻസ്, ചിത്രരചന, പാഠ്യവസ്തുക്കളുടെ നിർമ്മാണം, പൊതു വിജ്ഞാനം, എന്നിവയാണ് ഇന്റർവ്യൂവിൽ പരിശോധിച്ചതെന്നും അതനുസരിച്ചാണ് മാർക്ക് കൊടുത്തതെന്നും നിയമനം ലഭിച്ചവർ തന്റെ ബന്ധുക്കളാണെന്ന ആക്ഷേപം ശരിയല്ലായെന്നും പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് മാർക്ക് നൽകിയതെന്നുമാണ് 5-ാം എതൃകക്ഷിയായ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയുണ്ടായത്. പഞ്ചായത്ത് കമ്മിറ്റി അധികൃതരുമായി ഹർജിക്കാരി ആരോപിച്ചിരുന്ന ബന്ധുത്വം 6 മുതൽ 9 വരെയുള്ള എതൃകക്ഷികൾ (യഥാക്രമം ശ്രീമതി. അശ്വതി അരവിന്ദഘോഷ്, ശ്രീമതി. സജിത കെ. എസ്, ശ്രീമതി. ടിന്റു മത്തായി, ശ്രീമതി. രജനി എം. എ എന്നിവർ) നിഷേധിക്കുകയും ഹർജിക്കാരിയുടെ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്നു രേഖാമൂലം അറിയിക്കുകയും ചെയ്യുകയുണ്ടായി. ഇന്റർവ്യൂവിൽ പങ്കെടുത്ത് ഇപ്പോൾ റാങ്ക് ലിസ്റ്റിൽ വന്നിരിക്കുന്ന ആദ്യത്തെ റാങ്കുകാർക്ക് ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായുള്ള ബന്ധുത്വം സംബന്ധിച്ച വിവരം തനിയ്ക്കറിയില്ലായെന്നും ആരുടെയും ശിപാർശകൾ ലഭിച്ചിരുന്നില്ലായെന്നും പഞ്ചായത്ത് പ്രസിഡന്റും ഇന്റർവ്യൂ ബോർഡിലെ

മറ്റംഗങ്ങളും ഇന്റർവ്യൂ കഴിയുന്ന അവസാന ദിവസമാണ് മാർക്ക് ഷീറ്റുകൾ ലഭ്യമാക്കിയിട്ടുള്ളതെന്നും ഏകദേശം ഒരു വർഷത്തിനടുത്ത് (338 ദിവസം) ദിവസവേതനത്തിൽ ജോലി ചെയ്തിട്ടും ശ്രീമതി. അഞ്ജലി കുഞ്ഞുമോന്റെ ഇന്റർവ്യൂ സമയത്തുള്ള പ്രീ-സ്കൂൾ ഡെമോൺസ്ട്രേഷൻ വളരെ മോശമായിരുന്നുവെന്നും ആയതിനാലാണ് ഹർജിക്കാരി 37-ാം നമ്പർ റാങ്ക് കാരിയായതെന്നും എന്നാൽ പരാതിക്കാരിയുടെ സഹോദരി ശ്രീമതി. അനു കുഞ്ഞുമോൻ മികച്ച പ്രകടനം കാഴ്ച വെയ്ക്കുകയും 13-ാം റാങ്ക് നേടുകയും ചെയ്തുവെന്നും ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ, ശ്രീമതി. അശ്വതി അരവിന്ദഘോഷ്, ശ്രീമതി. സജിത കെ. എസ്, ശ്രീമതി. ടിന്റു മത്തായി എന്നിവരുടെ മാർക്ക് ഷീറ്റുകൾ തിരുത്തിയിട്ടില്ലായെന്നും നിലവിലെ ജാതി മറച്ചുവെച്ച് ശ്രീമതി. അശ്വതി അരവിന്ദഘോഷ് ജാതി സർട്ടിഫിക്കറ്റ് തെറ്റായി വാങ്ങിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടതിനാൽ റാങ്ക് ലിസ്റ്റിൽ 1-ാം റാങ്ക് ആയി നിയമിതയായ ശ്രീമതി. അശ്വതി അരവിന്ദ്ഘോഷിനെ നീക്കം ചെയ്തിട്ടുണ്ടെന്നും നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അങ്കണവാടി വർക്കർമാരിൽ ആരെങ്കിലും ലീവ് എടുക്കുന്ന സമയത്ത് ശ്രീമതി. അഞ്ജലി കുഞ്ഞുമോന് പ്രസ്തുത ലീവ് വേക്കൻസിയിൽ താൽക്കാലികമായി ജോലി ചെയ്യുന്നതിന് വേണ്ട സൗകര്യം ചെയ്യുവാൻ പരമാവധി ശ്രമിക്കാമെന്നും സി ഡി പി ഒ ഹിയറിംഗ് സമയത്ത് അറിയിക്കുകയുണ്ടായി.

4. ബഹു. ഹൈക്കോടതിയുടെ 04/09/2024 ലെ ഉത്തരവിൽ പരാതിക്കാരിയുടെ Ext.P5 അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കാൻ വനിതാശിശുവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയത് പ്രകാരം അഡീഷണൽ ഡയറക്ടർ ശ്രീമതി. അഞ്ജലി കുഞ്ഞുമോനെ കേൾക്കുകയുണ്ടായെന്നും പ്രസ്തുത ഹിയറിംഗ് സമയത്ത് അങ്കണവാടി സേവനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചപ്പോൾ ശ്രീമതി. അഞ്ജലി കുഞ്ഞുമോന് തൃപ്തികരമായ മറുപടി ലഭ്യമാക്കുവാൻ സാധിച്ചില്ലായെന്നും ശ്രീമതി. അഞ്ജലി കുഞ്ഞുമോന്റെ സഹോദരിയ്ക്ക് അതേ റാങ്ക് ലിസ്റ്റിൽ 13-ാം റാങ്ക് ലഭ്യമായതായി കാണുന്നുവെന്നും ശ്രീമതി. സജിത കെ. എസ്, ശ്രീമതി. ടിന്റു മത്തായി എന്നിവരുടെ മാർക്ക്ഷീറ്റിൽ ഇന്റർവ്യൂ ബോർഡ് അംഗമായ പഞ്ചായത്ത് പ്രസിഡന്റ് തിരുത്തൽ വരുത്തിയത് താൻ കണ്ടുവെന്നും അതിനാലാണ് ബഹു.

കോടതിയിൽ കേസ് നൽകിയതെന്നുമുള്ള ശ്രീമതി. അഞ്ജലി കുഞ്ഞുമോന്റെ പരാതി അഡീഷണൽ ഡയറക്ടർ പരിശോധിച്ചതിൽ പ്രസ്തുത വ്യക്തികളുടെ മാർക്കുകളിൽ പ്രസിഡന്റ് വരുത്തിയ തിരുത്തലുകൾ ഒന്നും അഡീഷണൽ ഡയറക്ടർക്ക് കണ്ടെത്താനായിട്ടില്ലായെന്നും ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ പരാതി ഉന്നയിച്ചിരിക്കുന്നത് അദ്ദേഹത്തിന് പ്രതീക്ഷിച്ച മാർക്ക് ലഭ്യമാകാത്തതുകൊണ്ട് മാത്രമാണെന്നും ഇന്റർവ്യൂ ബോർഡിലേക്ക് ജില്ലാ ശിശു വികസന ഓഫീസർ നാമനിർദ്ദേശം ചെയ്ത, ശിശുവികസനവുമായി ബന്ധപ്പെട്ട 5 സാമൂഹ്യപ്രവർത്തകരാണ് പങ്കെടുത്തതെന്നും മാർക്ക് ഷീറ്റ് പരിശോധിച്ചതിൽ ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ ആരോപിക്കുന്ന തരത്തിലുള്ള വ്യക്തമായ ക്രമക്കേടുകൾ കണ്ടെത്താനാവാത്തതിനാൽ അദ്ദേഹത്തിന്റെ മുറ അനുസരിച്ച് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ എന്നും ആണ് വനിതാശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ഇക്കാര്യത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ ഏകദേശം ഒരു വർഷത്തോളം അങ്കണവാടിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുണ്ടെങ്കിലും ഇന്റർവ്യൂ സമയത്ത് തൃപ്തികരമായി പ്രകടനം കാഴ്ചവെയ്ക്കുവാൻ ഹർജിക്കാരിയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതുകൊണ്ടാണ് ഹർജിക്കാരി 37-ാം നമ്പർ റാങ്ക്കാരിയായത്. ഇന്റർവ്യൂവിൽ സ്വജനപക്ഷപാതം നടന്നതായി തെളിയിക്കുന്ന കാര്യങ്ങളൊന്നും കണ്ടെത്താനായിട്ടില്ല. ശ്രീമതി. അഞ്ജലി കുഞ്ഞുമോന്റെ തന്നെ സഹോദരിയ്ക്ക് 13-ാം നമ്പർ റാങ്ക് ലഭ്യമായതായി കാണുന്നു. ഹിയറിംഗ് സമയത്ത് എതൃകക്ഷികൾ ശ്രീമതി. അഞ്ജലി കുഞ്ഞുമോന്റെ ആരോപണങ്ങൾ നിഷേധിച്ച് സംസാരിച്ചപ്പോഴും ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ മൗനം പാലിക്കുകയാണുണ്ടായത്.

6. മേൽ സാഹചര്യത്തിൽ, ശ്രീമതി. അഞ്ജലി കുഞ്ഞുമോന് അർഹതപ്പെട്ട നിയമാനുസൃതമായ ഒഴിവ് വരുമ്പോൾ പ്രസ്തുത ഒഴിവിൽ ശ്രീമതി. അഞ്ജലി കുഞ്ഞുമോനെ നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് വനിതാശിശുവികസന വകുപ്പ് ഡയറക്ടർക്കും മുളന്തുരുത്തി ശിശുവികസന പദ്ധതി ഓഫീസർക്കും നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം

ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടും പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല വിധി അപ്രകാരം നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖക്കത്ത് സഹിതം)
ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്,തിരുവനന്തപുരം
ശിശുവികസന പദ്ധതി ഓഫീസർ, മുളന്തുരുത്തി ഐ സി ഡി എസ് പ്രൊജക്റ്റ്, എറണാകുളം
ശ്രീമതി. അഞ്ജലി കുഞ്ഞുമോൻ, കളപ്പുരക്കുന്നേൽ, പുളിക്കമാലി, മുളന്തുരുത്തി, എറണാകുളം-682314
ശ്രീമതി. മറിയാമ്മ ബെന്നി, പ്രസിഡന്റ്, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം
ശ്രീമതി. അശ്വതി അരവിന്ദഘോഷ്, കാക്കാലംപറമ്പിൽ, വെട്ടിക്കൽ പി. ഒ, മുളന്തുരുത്തി, എറണാകുളം
ശ്രീമതി. രജനി എം. എ, കണ്ടൻചിറയിൽ, മുളന്തുരുത്തി പി. ഒ, കരിക്കോട്, എറണാകുളം- 682 314
ശ്രീമതി.ടിന്റു മത്തായി, തോപ്പിൽ.വീട്, വേഴപറമ്പ്, മുളന്തുരുത്തി.പി.ഒ, എറണാകുളം.
ശ്രീമതി. സജിത കെ. എസ്, Onakkavil House, മുളന്തുരുത്തി പി. ഒ, എറണാകുളം
വെബ് & ന്യൂ മീഡിയ/സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 09-01-2025 16:39:50